


Vol. 4, Issue : 6 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE MAY 2018

## അരങ്ങൊഴിയുന്ന പൈതൃകങ്ങൾ

ഈ മാസം മെയ് 1-ാം തിയതി തൊഴിലാളി ദിനം ആഘോഷിച്ചുകൊണ്ടാണ് നാം ആരംഭിച്ചത്. തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ, സി. ബാപ്റ്റിസ്റ്റയുടെയും സി. അന്റോണിറ്റയുടേയും ആത്മാർത്ഥ സേവനങ്ങളുടെ ഒളിമങ്ങാത്ത സ്മരണകൾ ഏറെ പ്രസക്തിയോടെ പഠിച്ചെടുക്കേണ്ട പാഠപുസ്തകങ്ങളാണ്. തൊഴിൽ മേഖലയിലെ നിലനിൽപ്പിന്റേയും അതിജീവനത്തിന്റേയും പ്രാതിഭാസികതയെ അതിശയകരമാംവണ്ണം സ്വന്തം തൊഴിലിലൂടെ മാതൃകാപരമായി ആവിഷ്കരിച്ചവരെ ഈ അവസരത്തിൽ അംഗീകരിക്കാൻ സാധിക്കുന്നത് ഏറെ സന്തോഷകരമായ കാര്യമാണ്.

ഈ മാസത്തിൽ ആശുപത്രിയിലെ ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിക്കുന്ന രണ്ട് മഹത് വ്യക്തിത്വങ്ങളാണ് സി. ബാപ്റ്റിസ്റ്റയും, സി. അന്റോണിറ്റയും. ഒരു ആയുസ്സ് മുഴുവൻ (യഥാക്രമം അൻപത്തിയാറും, ഇരുപത്തിയെട്ടും വർഷങ്ങൾ) രണ്ടുപേരും മിഷനാശുപത്രിയിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി. മനുഷ്യസാധാരണങ്ങളായ പരിധികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ രോഗികളുടെ ക്ഷേമം പ്രഥമസ്ഥാനത്തു പ്രതിഷ്ഠിച്ച് അത്ഭുതകരമായ രീതിയിൽ തങ്ങളുടെ ശുശ്രൂഷാജീവിതവും പ്രൊഫഷണൽ ജീവിതവും കോർത്തിണക്കിയവരാണ് രണ്ടുപേരും. സന്ന്യാസജീവിതത്തെയും ആതുരശുശ്രൂഷയേയും ദൈവിക-മാനുഷികതലങ്ങളിൽ ശ്രേഷ്ഠമായി സമന്വയിപ്പിക്കാൻ സാധിക്കുക എന്നത് ഏറെ ബുദ്ധിമുട്ടുള്ള ഒന്നാണെങ്കിലും അതിൽ വിജയിച്ചവരാണിവർ എന്നുള്ളത് തൃശൂർ അതിരൂപതയ്ക്കും സന്യസ്തസമൂഹത്തിനും ജൂബിലിആശുപത്രിക്കും ഏറെ അഭിമാനിക്കാൻ വകനൽകുന്നതാണ്. ഇവിടെനിന്നും അവർ പടിയിറങ്ങുമ്പോൾ ഒരു പക്ഷേ ശുഷ്കമാവുന്നത് ആതുരശുശ്രൂഷാരംഗത്തെ ക്രിസ്തീയബിംബങ്ങളുടെ വളരെ പ്രസക്തമായ സാന്നിദ്ധ്യങ്ങളാണ്. തൊഴിലാളി ജീവിതത്തെയും സ്വകാര്യ ജീവിതത്തെയും രണ്ടുതട്ടുകളായി കാണാതെ ഈ ലോകജീവിതത്തിന്റെ നല്ലസമയം മുഴുവൻ രോഗികൾക്കുവേണ്ടിയും ആശുപത്രിക്കുവേണ്ടിയും ചിലവഴിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. ഇതുതന്നെയാണ് ഇവർ നമുക്കു നൽകുന്ന വെല്ലുവിളിയും. ജൂബിലിയുടെ മുഖമുദ്രയായ, ഇനിയും പൂർത്തിയാക്കപ്പെടേണ്ടതായ 'സ്നേഹസേവന'ത്തിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളാകാൻ അവർ നമ്മെ ക്ഷണിക്കുകയാണ്.

"ഒരു മൈൽ ദൂരം പോകാൻ നിന്നെ നിർബന്ധിക്കുന്നവനോടു കൂടെ രണ്ടുമൈൽ ദൂരം പോകുക" (മത്താ. 5:41) എന്ന തിരുവചനത്തിന്റെ സാരാംശം ഉൾക്കൊള്ളാനും ഇവരുടെ പാത പിൻതുടർന്നുകൊണ്ട് ജോലി സംബന്ധമായ കടമകളെല്ലാം സന്തോഷത്തോടെയും സംതൃപ്തിയോടെയും നിർവ്വഹിക്കാനും നമുക്ക് സാധിക്കണം. ഒരിക്കൽകൂടി ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് ജൂബിലി കുടുംബാംഗങ്ങളുടെ പേരിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു, നന്ദിപറയുന്നു. ഒപ്പം അവരുടെ മാതൃക നമ്മുടെ ജീവിതങ്ങളിലൂടെ ഇവിടെ ഇനിയും നിലനിൽക്കുമെന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. സിജോ ചെറുവത്തൂർ, എഡിറ്റർ**

## വി – ഗാർഡ് ജൂബിലി മിഷൻ ആശുപത്രിയ്ക്ക് പുതിയ ഐ. സി. യു. ആംബുലൻസ് നൽകി.




ജൂബിലി മിഷൻ ആശുപത്രിയ്ക്ക് വി-ഗാർഡിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നൽകിയ ഐ. സി. യു. ആംബുലൻസിന്റെ താക്കോൽദാനചടങ്ങ് നടന്നു. വി-ഗാർഡ് ഗ്രൂപ്പ് ചെയർമാൻ ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിനും താക്കോൽ കൈമാറിക്കൊണ്ട് ചടങ്ങ് നിർവ്വഹിച്ചു.

അത്യാസന്ന നിലയിലുള്ള രോഗികളെ ഐ.സി.യു. പരിചരണം നൽകിക്കൊണ്ടുതന്നെ ആശുപത്രിയിൽ എത്തിക്കാനുള്ള സൗകര്യം ആംബുലൻസിൽ ലഭ്യമാണ്. അപകടങ്ങൾ പെരുകിവരുകയും, വളരെ കുറവ് ഐ.സി.യു. ആംബുലൻസ് ഉള്ള ഈ സാഹചര്യത്തിൽ, വി-ഗാർഡിന്റെ ഈ സഹായം സ്തുത്യർഹമാണെന്നും ആംബുലൻസിന്റെ സേവനം 24 മണിക്കൂറും വളരെ ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കുമെന്നും ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

## പൂരം എക്സിബിഷനിൽ ആവേശമായി ജൂബിലി മിഷന്റെ മെഡിക്കൽ പവലിയൻ



ജൂബിലി മിഷൻ മെഡിക്കൽ പവലിയന്റെ ഔദ്യോഗിക ഉദ്ഘാടനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഹൃദയവും രക്തധമനികളും, ഫോയിറ്റൽ അനാട്ടമി തുടങ്ങിയവ അറിയാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് ഒരുപോലെ ഉത്സാഹം പകരുന്ന കാഴ്ചകളാണ് ജൂബിലി പവലിയനിൽ ഒരുക്കിയിരിക്കുന്നത്. പവലിയൻ രൂപകൽപ്പന ചെയ്തത് ജൂബിലിയിലെ അനാട്ടമി പ്രൊഫസർ ഡോ രഞ്ജിത്ത് ആണ്.



അച്ചടക്കത്തോടെയും,കണിശതയോടെയും തന്റെ ഉത്തരവാദിത്വങ്ങളെ ആത്മാർത്ഥമായി നിവർത്തിച്ചെടുത്ത വ്യക്തി പ്രഭാവത്തിന്, ഓരോരുത്തരെയും അടുത്തറിയുവാനും യഥോചിതം നയിക്കുവാനും അവരുടെ കഴിവുകൾ ആതുരശുശ്രൂഷയ്ക്ക് ഉപയുക്തമാക്കുവാനും പ്രാപ്തമാക്കിയ നേതൃത്വ ശൈലിയുടെ ഉടമയ്ക്ക്, കർമ്മ മണ്ഡലത്തിൽ വ്യത്യസ്തവും ധീരവുമായ പ്രവർത്തനശൈലിയിലൂടെ അഹോരാത്രം സേവനം ചെയ്ത ഞങ്ങളുടെ പ്രിയപ്പെട്ട **അന്റോണിറ്റയമ്മയ്ക്ക്**, ഹൃദയപൂർവ്വകമായ നന്ദി! പ്രാർത്ഥനകളോടെ ജൂബിലി കുടുംബാംഗങ്ങൾ.



അറുപത് വർഷത്തോളം ഈ ആതുരാലയത്തെ ധന്യമാക്കിയ സ്നേഹസാന്നിദ്ധ്യത്തിന്... യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയെ സ്വന്തം ആത്മീയ - ഭൗതിക ജീവിതത്തിൽ സമ്മേളിപ്പിച്ച അപൂർവ്വവ്യക്തിത്വത്തിന് രോഗികൾക്ക് ധൈര്യവും, അനുകമ്പയും ഒരുപോലെ പകർന്നുനൽകിയ സാന്ത്വനസ്പർശത്തിന്...ആത്മാർത്ഥതയുടെ പരീക്ഷയിൽ നൂറുശതമാനം വിളയിച്ചെടുത്ത സമർപ്പിത ജീവിതത്തിന്... മിഷൻ ആശുപത്രിയുടെ സ്നേഹസേവനം എന്ന അപ്തവാക്യം ജീവിതമന്ത്രമാക്കിയ കർമ്മോജ്ജ്വല ധീരതയ്ക്ക്...

ജൂബിലി കുടുംബാംഗങ്ങളുടെ ജീവിതങ്ങളിൽ പരിഗണനയുടെ ആൾരൂപമായി മാറിയ സി. ബാപ്റ്റിസ്റ്റയ്ക്ക് ... ജാതിമതഭേദമന്യേ ഏവർക്കും സ്വന്തമായി മാറിയ ഞങ്ങളുടെ സ്വന്തം ബാപ്പുട്ടിയമ്മയ്ക്ക് ....

**ഹൃദയപൂർവ്വകമായ നന്ദി....**

**പ്രാർത്ഥനാശംസകളോടെ, ജൂബിലി കുടുംബാംഗങ്ങൾ.**

## എത്തിക്സ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

ഗവേഷണ പദ്ധതികൾ നിയമാനുസൃതവും ധാർമ്മികമൂല്യങ്ങൾക്ക് ചേർന്നതുമാണോയെന്ന് പരിശോധിക്കുകയും, ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയും ചെയ്ത് അംഗീകാരം നൽകാൻ അധികാരമുള്ള ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റിയുടെ പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഏപ്രിൽ 26–ന് നിർവ്വഹിച്ചു. കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ്ഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ അംഗീകാരമുള്ളതാണ് ജൂബിലിയിലെ എത്തിക്സ് കമ്മിറ്റി.

യോഗത്തിൽ, പുനഃസംഘടിപ്പിച്ച എത്തിക്സ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതവും, ഓഫീസ് സംവിധാനത്തിന്റെ ആവശ്യകതയും ഡയറക്ടർ അച്ചൻ പ്രത്യേകം പരാമർശിച്ചു. ചെയർമാൻ ഡോ. കെ. എം. ഫ്രാൻസിസ് (റിട്ട. വൈസ് പ്രിൻസിപ്പൽ, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ), ഡോ. പി.സി. ഗിൽവാസ്, സി.ഫിലോരശ്മി (നേഴ്സിങ്ങ് കോളേജ്), ഡോ. സുശീല ജേക്കബ്ബ് ഇന്ന തുടങ്ങിയവരാണ് 15 അംഗ IECയിലെ പുതിയ അംഗങ്ങൾ.

മെഡിക്കൽ കോളേജ് കെട്ടിടത്തിലെ അഞ്ചാം നിലയിൽ ബി ബ്ലോക്കിൽ 632–ാം നമ്പർ മുറിയിലാണ പുതിയ ഓഫീസ് സജ്ജീകരിച്ചിട്ടുള്ളത്. NABH അംഗീകാരത്തിന് തയ്യാറെടുക്കുന്ന ജൂബിലിയുടെ വലിയൊരു ചുവടുവെയ്പ്പാണ് പുതിയ സെക്രട്ടേറിയറ്റ് സംവിധാനം.

## ജാക്ക് ഫ്രൂട്ട് സ്മൂത്തി

**ചേരുവകൾ : –**ചക്ക – 1 കപ്പ് (കുരുകളഞ്ഞ് ചെറിയ കഷ്ണങ്ങളാക്കിയത്), ഐസ് – 1 കപ്പ്, പാൽ – 1 കപ്പ്, കണ്ടൻസ്ഡ് മിൽക്ക് – 3–4 ടീസ്പൂൺ, തേൻ – 1 ടീസ്പൂൺ, ഈന്തപ്പഴം – 1 ടീസ്പൂൺ, കപ്പലണ്ടി – 1/4 കപ്പ്

**തയ്യാറാക്കുന്ന വിധം: –**ചക്ക, ഐസ്, പാൽ, കണ്ടൻസ്ഡ് മിൽക്ക്, തേൻ എന്നിവ ചേർത്ത് മിക്സിയിൽ നന്നായി അടിച്ചെടുക്കുക. ഈന്തപ്പഴം കപ്പലണ്ടി എന്നിവ ചേർത്ത് ഉപയോഗിക്കാം.

(ഫ്രീസറിൽവെച്ച് തണുപ്പിച്ചെടുത്ത ചക്ക ആണെങ്കിൽ കുറച്ചുകൂടി നല്ലതായിരിക്കും)

## ജേർണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള 27–ാമത് ജേർണൽ ക്ലബ്ബ് ഏപ്രിൽ 18–ന് നടന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി ആയിരുന്നു പേപ്പർ അവതരിപ്പിച്ചത്. ROTEM എന്നുള്ള നൂതനസാങ്കേതികമാർഗ്ഗം അവലംബിച്ച് coagulation disorders നിർണ്ണയിക്കുന്നതിനെപറ്റിയുള്ള പഠനമായിരുന്നു പ്രബന്ധവിഷയം. ഡോ.ആൻഡ്രൂസ് കാക്കനാട്ട്, ഡോ. പി. കെ. വർഗ്ഗീസ്, ഡോ. ശകുന്തള ഭായ് എന്നിവർ തുടർന്നുള്ള ചർച്ചയിൽ പങ്കെടുത്തു.

## Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. NIMMYA S K | JR RESIDENT, Plastic Surgery |
| 2 | Dr. MANUEL SIBY | JR RESIDENT, Emergency Medicine |
| 3 | NEETHU MARKOSE | STAFF NURSE |
| 4 | RINI JOHNSON | STAFF NURSE |
| 5 | MANCY T FRANCIS | STAFF NURSE |
| 6 | RINU M PAUL DOMINIC | PHARMACIST |
| 7 | BLENCY DAVIS | LAB TECHNICIAN, MC Pathology |
| 8 | AISWARYA K R | TECHNICIAN - ANAESTHESIA |
| 9 | RAJESH | CANTEEN STAFF |
| 10 | DHANESH PAUL | CANTEEN STAFF |
| 11 | SIJO VARGHESE | CANTEEN STAFF |
| 12 | LALIT RAI | CANTEEN STAFF |
| 13 | SELMA A K | DATA ENTRY OPERATOR, Counter |
| 14 | JASMIN MARIA C JOSEPH | RADIOGRAPHER |
| 15 | JAIMOL T J | ATTENDANT, Auxilary Nursing |
| 16 | JISMY C JOSE | LAB TECHNICIAN, MC Pathology |

## റോഡപകടങ്ങളും പ്രഥമ ശുശ്രൂഷയും

ജൂബിലി മിഷൻ മെഡിക്കൽ കോളേജും, ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസേർച്ചും (ICMR), സംയുക്തമായി സംഘടിപ്പിക്കുന്ന "റോഡപകടങ്ങളും പ്രഥമശുശ്രൂഷയും" എന്ന വിഷയത്തെ ആസ്പദമാക്കി ആശുപത്രിയിൽ വെച്ച് ക്ലാസ് നടത്തുന്നു. പ്രസ്തുത ക്ലാസിൽ റോഡപകടസ്ഥലത്ത് എത്തുന്ന പ്രഥമശുശ്രൂഷകർ അറിഞ്ഞിരിക്കേണ്ട രക്ഷാപ്രവർത്തന മാർഗ്ഗങ്ങളും, പിൻതുടരേണ്ട പ്രവർത്തനരീതികളേയും കുറിച്ചും എമർജൻസി മെഡിസിൻ വിഭാഗത്തിലെ പ്രഗത്ഭരായ ഡോക്ടർമാർ വിശദമാക്കുന്നു. ജില്ലയിലെ റോഡപകടങ്ങളിൽ ഏറ്റവും ആദ്യം ഇടപെടുന്ന വിഭാഗമായ ഹൈവേ പോലീസ്, ഫയർഫോഴ്സ്, ആംബുലൻസ് ഡ്രൈവർമാർ എന്നിവർക്ക് അപകടസ്ഥലത്തും, രോഗിയെ ആശുപത്രിയിൽ എത്തിക്കുന്ന സമയത്തും മെച്ചപ്പെട്ട രോഗീപരിചരണം നൽകുവാൻ ഉള്ള പരിശീലനം ആണ് നൽകുന്നത്. ഇത്തരം പ്രവർത്തനങ്ങൾ വഴി ജില്ലയിലെ ആരോഗ്യ മേഖലയിൽ കാതലായ മാറ്റങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി നടക്കുന്ന ക്ലാസുകളുടെ പരമ്പരയിലെ ആദ്യത്തേത് ഏപ്രിൽ 21–ന് ആരംഭിച്ചു. കേന്ദ്രഗവൺമെന്റിന്റെ ഈ ദേശീയപദ്ധതിയിൽ കേരളത്തിലെ സംഘാടകർ ജൂബിലി മിഷൻ ആശുപത്രിയാണ്. ആറ് മാസം കൊണ്ട് ജില്ലയിലെ നല്ലൊരു ശതമാനം പ്രഥമശുശ്രൂഷകർക്ക് പരിശീലനം നൽകുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.



ഇക്കഴിഞ്ഞ
പ്ലസ്ടു പരീക്ഷയിൽ
എല്ലാ വിഷയങ്ങളിലും A+ നേടിയ
**ആൽബി സി ആന്റോയ്ക്ക്**
അഭിനന്ദനങ്ങൾ.

ലാബ്, ബില്ലിങ്ങ് സെക്ഷനിൽ ജോലി ചെയ്യുന്ന
ശ്രീമതി ബിന ആന്റോയുടെ മകളാണ്.



കേരള ഇന്റർ ഹോസ്പിറ്റൽ ബാഡ്മിന്റൺ
മത്സരത്തിൽ ജൂബിലിയ്ക്കു വേണ്ടി
രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ജനറൽ
സർജറി വിഭാഗത്തിലെ
ഡോ. ഹരികൃഷ്ണൻ– ഉം, മനശാസ്ത്ര
വിഭാഗത്തിലെ ഡോ. ജോമി ജി. ക്കും



അഭിനന്ദനങ്ങൾ...

ലയൺസ് ക്ലബ്ബ് ഓഫ് തൃശൂരിന്റെയും, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൊങ്ങണംകാട് സെന്റ് മേരീസ് പള്ളിയിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടന്നു.

ജനറൽ മെഡിസിൻ, നേത്രരോഗ വിഭാഗം, ഇ. എൻ. ടി., ഗൈനക്കോളജി, ദന്തരോഗ വിഭാഗം, ഓർത്തോ വിഭാഗം എന്നിവയുടെ ചെക്കപ്പുകളാണ് നടന്നത്. 325 പേരോളം ക്യാമ്പിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തി.





ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി തൃശൂർ ക്ഷയരോഗാശുപത്രി സംഘടിപ്പിച്ച റാലിയിലും മറ്റു മത്സരങ്ങളിലും പങ്കെടുത്ത ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ് രണ്ടാം വർഷ ബി. എസ്. സി. നേഴ്സിംഗ് വിദ്യാർത്ഥികൾ ടാബ്ലോ മത്സരത്തിൽ ഒന്നാം സ്ഥാനവും, സ്കിറ്റിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.








# ആയുർവ്വേദം കാലാതീതം

26



എല്ലാ രോഗങ്ങളുടേയും അടിസ്ഥാനം ഉദരമാണെന്ന് ആയുർവ്വേദം പരാമർശിക്കുന്നു. ശരിയായ മലശോധന ഉണ്ടായില്ലെങ്കിൽ അന്നേദിവസം മുഴുവൻ സുഖമില്ലാതായിമാറും. മലബന്ധം എന്ന അവസ്ഥയുടെ പ്രധാന കാരണക്കാരൻ എന്നുപറയുന്നത് ശരിയായ ദഹനമില്ലായ്മയാണ്. കഴിക്കുന്ന ഭക്ഷണം ശരീയായ രീതിയിൽ ദഹിച്ചില്ലെങ്കിൽ കോൺസ്റ്റിപ്പേഷന് കാരണമാകും. ചികിത്സയിൽ ആദ്യപടി ദഹനവ്യവസ്ഥയെ ശരിയാക്കുകയാണ്. കരളിന്റേയും മറ്റ് ആന്തരിക അവയവങ്ങളുടേയും പ്രവർത്തനം ശരിയാക്കുന്ന മരുന്നുകൾ കഴിക്കുന്നതിലൂടെ ഒരു പരിധിവരെ സൗഖ്യം ലഭിക്കുന്നതാണ്. ചിലരുടെ കുടലിന്റെ ചലനശക്തി നഷ്ടപ്പെട്ടിരിക്കും അവർക്ക് കുടലിന്റെ പ്രവർത്തനം ശരിയാക്കുന്ന ഗന്ധർവ്വഹസ്ത്യാദി പോലെയുള്ള മരുന്നുകൾ ആവശ്യമായി വരാം. ബാഹ്യമായും ആന്തരികമായും ഉണ്ടാകുന്ന അർശസ്സ് മലബന്ധത്തിന് കാരണമാകാം. അവിടെ അർശോചികിത്സ ചെയ്യണം. നാഡീവ്യവസ്ഥയുടെ തകരാറുകൊണ്ട് ഈ അവസ്ഥ സജ്ജമാകാം. അവിടെ ക്ഷീരബല (101) പോലെയുള്ള മരുന്നുകളുടെ പ്രയോഗം നല്ലതാണ്. അസിഡിറ്റിയുള്ളവർക്ക് മലബന്ധം ഉണ്ടാകാം. അവിടെ അസിഡിറ്റിയെ ഇല്ലാതാക്കണം. ഇത്തരം മരുന്നുകൾകൊണ്ട് ഈ അവസ്ഥ പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ ക്ഷായവസ്തി പോലെയുള്ള പഞ്ചകർമ്മ ചികിത്സകൾ ആവശ്യമായിവരും. മാനസികസംഘർഷം പോലെയുള്ള അവസ്ഥകളിൽ മനസ്സിനെ ശാന്തമാക്കുന്ന മരുന്നുകൾ, ധാര മുതലായവ ഗുണംചെയ്യുന്നതാണ്. ആയുർവ്വേദ കടകളിൽ നിന്ന് വാങ്ങികഴിക്കുന്ന മരുന്നുകളിൽ 'സുന്നാമുക്കി' പോലെയുള്ള മരുന്നുകൾ ചെറുകുടലിന്റേയും വൻകുടലിന്റേയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതാകയാൽ ഇവയുടെ സ്ഥിരമായ ഉപയോഗം നല്ലതല്ല. അതിനാൽ കാരണങ്ങൾക്കനുസരിച്ചുള്ള ശരിയായ ചികിത്സയാണ് നല്ലത്.

**ഡോ. അനുമോദ് കാക്കശ്ശേരി,** എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board
Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu | Ms. Vineetha